# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമ പഞ്ചായത്താഫീസിലെക്ലാർക്ക് ശ്രീ പി. ജയരാജന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം.1590/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 02/5/2016.**

---

പരാമർശം : 1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.09.2015 ലെ ഡി3-14770/2015/കെഡിസ് നമ്പർ നടപടിക്രമങ്ങൾ.

2. പഞ്ചായത്ത് ഡയറക്ടറുടെ 09.12.2015 ലെ ഇ 6- 40581/2015 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമ പഞ്ചായത്താഫീസിലെ ശ്രീ പി ജയരാജന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ പി ജയരാജൻ പാർട്ട് ടൈം ലൈബ്രേറിയനായി 21.01.1996 ൽ സേവനത്തിൽ പ്രവേശിക്കുകയും സ്ഥാനക്കയറ്റത്തിലൂടെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 10.11.2006 ൽ പ്രവേശിക്കുകയും ചെയ്തു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 09.11.2009 വരെ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 23.02.2013 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 24.02.13 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 25.02.2013 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ പി ജയരാജൻ, എം. ഒ. പി പരീക്ഷ വിജയിച്ച 23.02.2013 ന്റെ തൊട്ടടുത്ത ദിവസമായ 24.02.2013 ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 25.02.2013 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
സെക്രട്ടറി, പുൽപ്പറ്റ ഗ്രാമപഞ്ചായത്താഫീസ്, മലപ്പുറം( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 02/ഇപിഎ 1/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ